## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2962** **21/08/2017 ൽ മറുപടിയ്ക്ക്**

## കൃഷി ഓഫീസറുടെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉണ്ണി :** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനകളിൽ കൃഷി ഓഫീസറുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത തസ്തികകൾ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു. | (എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ കൃഷി ഭവനിൽ 6 മാസമായും തച്ചനാട്ടുകര, പൂക്കോട്ടുകാവ്, കരിമ്പുഴ, അമ്പലപ്പാറ ഒറ്റപ്പാലം എന്നീ കൃഷി ഭവനകളിൽ ഒരു വർഷമായും കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) കൃഷി ഓഫീസർ തസ്തികയിൽ നിയമനത്തിന് പി എസ് സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013 ൽ അവസാനിച്ചിരുന്നു. നിലവിൽ കൃഷി ഓഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് 24/7/2017 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചാലുടൻ തന്നെ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**